(ബി) വ്യത്യാസങ്ങൾ ഇല്ല.

(സി) ഉണ്ട്. കോപ്പി ഇതോടൊപ്പം ചേർത്തിട്ടുണ്ട്.*

(ഡി&ഇ) 23-3-1998-ലെ സ.ഉ.(എം.എസ്സ്.) 32/98/ഇറി.നമ്പർ ഉത്തരവ് പ്രകാരം കേരളാ വാട്ടർ അതോറിറ്റി ജീവനക്കാരെ സ്റ്റാമ്പ് ഡ്യൂട്ടിയിൽ നിന്നും ഒഴിവാക്കി ഉത്തരവ് ഇറക്കിയെങ്കിലും, ഇപ്പോൾ ഇക്കാര്യം നികുതി വകുപ്പിന്റെ പുന:പരിശോധനയിലാണ്.

അനധികൃത കുഴൽക്കിണർ നിർമ്മാണം

43 (2610) ശ്രീ. എൻ. കണ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്വകാര്യ വ്യക്തികൾ കുഴൽക്കിണർ കുഴിക്കുന്നതിന് നിലവിലുള്ള നിയന്ത്രണങ്ങൾ എന്തൊക്കെയാണെന്ന് വെളിപ്പെടുത്തുമോ ;

(ബി) അനധികൃതമായി കുഴൽക്കിണർ കുഴിക്കുന്നതുകൊണ്ട് ഉപരിതലത്തിലുള്ള വെള്ളം താഴ്ന്നുപോയി കുടിവെള്ളക്ഷാമം രൂക്ഷമാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) സ്വകാര്യ വ്യക്തികൾ അനധികൃതമായി കുഴൽക്കിണർ കുഴിക്കുന്നത് തടയാൻ എന്തെങ്കിലും നിയമം നിലവിലുണ്ടോ ;

(ഡി) ഇല്ലെങ്കിൽ ഇത് നിരോധിക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) നിലവിൽ നിയന്ത്രണങ്ങൾ ഇല്ല.

(ബി) അമിതവും അശാസ്ത്രീയവും ആയ രീതിയിൽ കുഴൽക്കിണർ കുഴിച്ചാൽ ഉപരിതലത്തിൽ ഉള്ള വെള്ളം താഴ്ന്നു പോകാൻ സാദ്ധ്യതയുണ്ട്.

(സി) സ്വകാര്യ വ്യക്തികൾ കുഴൽക്കിണർ കുഴിക്കുന്നത് തടയാൻ നിയമം നിലവിലില്ല.

(ഡി) ഭൂജലത്തിന്റെ ഉപയോഗം നിയന്ത്രിക്കുന്നതിനും ക്രമീകരിക്കുന്നതിനും ഉള്ള നിയമം സർക്കാരിന്റെ സജീവ പരിഗണനയിലാണ്. ഈ നിയമം നിലവിൽ വന്നാൽ കുഴൽക്കിണർ നിർമ്മാണം നിയന്ത്രിക്കേണ്ടതുണ്ട് എന്നു കാണുന്ന സ്ഥലങ്ങളിൽ ആവശ്യമായ നിയന്ത്രണങ്ങൾ ഏർപ്പെടുത്താൻ കഴിയും.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly